LIBRARY ARCHIVES Kerala Legislative Assembly

കലോത്സവങ്ങളിൽ 'എ' ഗ്രേഡ് നേടിയവർ

320 (986) ശ്രീ. വി. പി. സജീന്ദ്രൻ :

ശ്രീ. ഐ. സി. ബാലകൃഷ്ണൻ :

ശ്രീ. ഹൈബി ഈഡൻ :

ശ്രീ. വർക്കല കഹാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന സ്കൂൾ കലോത്സവത്തിൽ ' എ ' ഗ്രേഡ് നേടുന്ന പട്ടികജാതിക്കാരായ വിദ്യാർത്ഥികൾക്ക് പ്രോത്സാഹനം നൽകുന്നതിന് ഏതെങ്കിലും പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ ; എങ്കിൽ എന്നുമുതലാണ് പദ്ധതി നടപ്പിലാക്കിയതെന്ന് വ്യക്തമാക്കുമോ ;

(ബി) ഈ സർക്കാരിന്റെ കാലത്ത് പ്രസ്തുത പദ്ധതി പ്രകാരം പട്ടികജാതിക്കാരായ എത്ര വിദ്യാർത്ഥികൾക്ക് എന്തൊക്കെ ആനുകൂല്യങ്ങൾ നൽകിയെന്ന് വിശദമാക്കുമോ ;

(സി) ജില്ലാതല സ്കൂൾ കലോത്സവങ്ങളിൽ ' എ' ഗ്രേഡ് നേടുന്ന പട്ടികജാതി വിദ്യാർത്ഥികൾക്ക് കൂടി ഈ പദ്ധതി പ്രകാരമുള്ള ആനുകൂല്യങ്ങൾ ലഭ്യമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്. 2012-13 അദ്ധ്യയന വർഷംമുതൽ സംസ്ഥാന സ്കൂൾ കലോത്സവത്തിൽ 'എ' ഗ്രേഡ് നേടുന്ന പട്ടികജാതിക്കാരായ വിദ്യാർത്ഥികൾക്ക് പ്രോത്സാഹന സമ്മാനമായി ക്യാഷ് അവാർഡ് നൽകിവരുന്നു.

(ബി) പ്രസ്തുത പദ്ധതി പ്രകാരം 2012-13 സാമ്പത്തിക വർഷത്തിൽ 387 വിദ്യാർത്ഥികൾക്കും 2014-15 സാമ്പത്തികവർഷത്തിൽ 257 വിദ്യാർത്ഥികൾക്കുമായി ആകെ 644 വിദ്യാർത്ഥികൾക്ക് 10,000 രൂപ വീതം ക്യാഷ് അവാർഡ് അനുവദിച്ചിട്ടുണ്ട്.

(സി) ജില്ലാതല സ്കൂൾ കലോത്സവങ്ങളിൽ 'എ' ഗ്രേഡ് നേടുന്ന പട്ടികജാതി വിദ്യാർത്ഥികൾക്ക് ഈ പദ്ധതി പ്രകാരമുള്ള ആനുകൂല്യങ്ങൾ അനുവദിക്കുന്ന കാര്യം പരിശോധിക്കുന്നതാണ്.